"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - വയനാട് ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ ഡോ.സജി ജോസഫ്-ന്റെ പേരിലുള്ള എസ്.എൽ.ഐ പോളിസിയിന്മേലുള്ള അർഹമായ ആനുകൂല്യം അനുവദിക്കുന്നത് - അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്- ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 2847/2026/ധന** **തീയതി, തിരുവനന്തപുരം, 15/03/2026**

പരാമർശം :- 1. 16.11.1988 ലെ സ.ഉ (പി) നം.840/88/ധന ഉത്തരവ്
2. ഡോ.സജി ജോസഫിന്റെ 03/10/2025 തീയതിയിലെ അപേക്ഷ
3. ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടറുടെ 24/01/2026 തീയതിയിലെ കെ.എസ്.ഐ.ഡി/1827/2025/എച്ച് ക്യൂ-ജിഎസ് 5 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ ഡോ.സജി ജോസഫ്-ന്റെ പേരിലുള്ള കെ.എസ്.ഐ.ഡി/എൽ.ഐ/049755088 നമ്പർ പോളിസിയുടെ അർഹമായ ആനുകൂല്യം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളുടെ പേരിലുള്ള മേൽ പോളിസി 09/08/1996 ൽ ആരംഭിച്ച് 05/2002 വരെ മുടക്കമില്ലാതെ പ്രീമിയം കിഴിക്കൽ നടത്തിയിട്ടുണ്ടെന്നും പ്രീമിയം ഒടുക്കിയ രേഖകൾ പരിശോധിച്ചതിൽ 01/2003 മുതൽ 06/2003 വരെയുള്ള പ്രീമിയം മുടക്കം വരുത്തിയ ശേഷം വകുപ്പിൽ നിന്നോ സർക്കാരിൽ നിന്നോ അനുമതി കൂടാതെ മുടക്കം വരുത്തിയ പ്രീമിയം തുക മാത്രം 07/2003 ൽ ഒരുമിച്ച് ഒടുക്കിയതിനാൽ പരാമർശം (1) ഉത്തരവിലെ ചട്ടം 20.3 പ്രകാരം പോളിസി കാലഹരണപ്പെട്ടതായി കണക്കാക്കിയാണ് തീർപ്പാക്കിയിട്ടുള്ളതെന്നും വയനാട് ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ചട്ട പ്രകാരമാണ് ക്ലെയിം തീർപ്പാക്കിയിട്ടുള്ളതെന്നും അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.സജി ജോസഫിന്റെ പേരിലുള്ള കെ.എസ്.ഐ.ഡി/എൽ.ഐ/049755088 നമ്പർ പോളിസിയിൽ 2002 മുതൽ 2003 വരെ ഉപരിപഠനാർത്ഥം ഡെപ്യൂട്ടേഷനിൽ പോയതിനാലാണ് പ്രീമിയം അടയ്ക്കുവാൻ വൈകിയത് എന്നത് കണക്കിലെടുത്തും മുടക്കം വന്ന കാലയളവുകളിലെ പ്രീമിയം അരിയർ ആയി അടച്ചിട്ടുള്ള സാഹചര്യത്തിലും ടി കാലയളവിലൊഴികെ പ്രീമിയം മുടക്കം വരുത്തിയിട്ടില്ലാത്തിനാലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെ ചട്ടം 20.3 ൽ ഇളവ് നൽകി മുടക്കം വരുത്തിയ തുകയുടെ 9% കൂട്ടുപലിശ കുറവ് ചെയ്ത് പോളിസികളുടെ അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് - II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തിരുവനന്തപുരം.
ഡോ.സജി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ (എ.എച്ച്), ജില്ലാ മൃഗസംരക്ഷണ ഓഫീസ്, വയനാട്.
വെബ് & ന്യൂ മീഡിയ, പി.ആർ.ഡി.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി. (ഇ 3323212/എസ്റ്റാ-ഡി2/121/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ